കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.lfa.kerala.gov.in**

# തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് -2015-16

# ജില്ലാഓഡിറ്റ് കാര്യാലയം,കണ്ണൂർ

e-mail:lfaddistofficeknr@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ. കെ.എൻ.ആർ/സി7-386/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാഓഡിറ്റ് കാര്യാലയം,കണ്ണൂർ
തിയ്യതി.22.03.2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡണ്ട് (സെക്രട്ടറി മുഖാന്തിരം)

തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത്.

സർ,

വിഷയം: തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് 2015-16-സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4),ാം വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾപ്രകാരം തലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വരവുചെലവു കണക്കുകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽനിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈറിപ്പോർട്ടിലെ 3-7 ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്.(ലോക്കൽ

ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ,തിരുവനന്തപുരം(ഇ-മെയിൽ മുഖാന്തിരം)

3) അസി.ഡെവലപ്പ് മെന്റ് കമ്മീഷണർ,കണ്ണൂർ

4) കാര്യാലയ പ്രതി

പി.പി.യു

നം.കെ.എസ്.എ. കെ.എൻ.ആർ.സി7/386/2017

തീയതി :22.03.2017

കണ്ണൂർ ജില്ലയിലെ തലശ്ശേരി ബ്ലോക്ക്പഞ്ചായത്തിന്റ 2015-16സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

ആമുഖം

(*1994* ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് *215(4)* , *1994* ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് *13, 1996*ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം *18* എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ തലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 09-02-2016 മുതൽ 05-03-2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 6 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.വർഗീസ് ജോസഫ് ,<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |

| | |
|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം: | 06.03.2017 മുതൽ 13.03.2017 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| പേര് | തസ്തിക |
|---|---|
| സുരേശൻ.പി.വി | ഓഡിറ്റ് ഓഫീസർ |
| അനൂപ്.കെ.കെ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ജീന.സി.പി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ജഗദീഷ് ചന്ദ്ര.പി.വി | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡണ്ട് | ശ്രീമതി. സി.പി.ബേബി സരോജ | 01.04.2015.മുതൽ 30.10.2015 വരെ |
| ഭരണനിർവ്വഹണകമ്മിറ്റി | 1. ശ്രീ. ജോസ്.കെ.വി.ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി<br>2.ശ്രീമതി.ഷെമി. അസി. എക്സിക്യൂട്ടീവ് എഞ്ചിനിയർ<br>3.ശ്രീമതി.മേരി.പി.ജെ ശിശുവികസന പദ്ധതി ഓഫീസർ | 31.10.2015.മുതൽ 11.11.2015 വരെ |
| പ്രസിഡണ്ട് | ശ്രീ. കെ.കെ.രാജീവൻ | 12.11.2015.മുതൽ 31.03.2016 വരെ |

2.നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീ.ടി.എസ് .സുധാകരൻ | 01.04.2015.മുതൽ 05.05.2015 വരെ |
| | ശ്രീ.പി.പി.പ്രകാശൻ | 06.05.2015 മുതൽ 06.10.2015 വരെ |
| | ശ്രീ.കെ.വി.ജോസ് | 07.10.2015 മുതൽ 20.12.2015 വരെ |
| | പി.വി.ജസീർ | 21.12.2015.മുതൽ 17.022015 വരെ |
| | പി.വി.പ്രകാശൻ | 18.02.2015.മുതൽ 31.03.2016 വരെ |

| | | |
|---|---|---|
| അസി. എക്സിക്യൂട്ടീവ് എഞ്ചിനിയർ | ശ്രീമതി.ഷെമി.ടി.കെ | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | ശ്രീ.കെ.എം.ഇബ്രാഹിം | 01.04.2015.മുതൽ 31.03.2016 വരെ |
| സി.ഡി.പി.ഒ | ശ്രീമതി.മേരി.പി.ജെ | 01.04.2015.മുതൽ 08.02.2016 വരെ |
| | ശ്രീമതി.ഷീജ(അധിക ചുമതല) | 09.02.2016 മുതൽ 18.02.2016 വരെ |
| | സിസിലിയാമ്മ മാത്യു | 19.02.2016.മുതൽ 31.03.2016 വരെ |
| സി.ഡി.പി.ഒ (അഡീഷണൽ) | എൻ.വി.ഗിരിജ | 01.04.2015.മുതൽ 25.07.2015 വരെ |
| | നന്ദിനി | 26.07.2015.മുതൽ 29.11.2015 വരെ |
| | സോയ സദാനന്ദൻ | 30.11.2015.മുതൽ 31.03.2016 വരെ |

ഉള്ളടക്കം

| ക്രമ നം. | ഭാഗം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|

| | | | |
|---|---|---|---|
| | ഭാഗം - 1<br>പൊതു അവലോകനം | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | മോണിറ്ററിംഗ് | 1-7 | |
| 8 | തനത് വരുമാനം | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 | |
| | ഭാഗം - 2<br>വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 11 | ഗുണഭോക്തൃവിഹിതം പിരിച്ചെടുത്തത് ചെലവഴിച്ചില്ല. | 2-1 | |
| | ഭാഗം – 3<br>ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |

| | | | |
|---|---|---|---|
| | | | |
| 12 | ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലകളിൽ ഉൾപ്പെടാത്ത ഇനത്തിലെ ചെലവ് -10,000/- രൂപ തടസ്സപ്പെടുത്തുന്നു | 3-1 | |
| 13 | ഓഫീസ് വാഹനത്തിന്റെ ഇന്ധനച്ചെലവ് സംരക്ഷണഗ്രാന്റിൽ നിന്ന് ചെലവഴിക്കുന്നത് ഒഴിവാക്കേണ്ടതാണ് | 3-2 | |
| 14 | അമ്മയും കുഞ്ഞും പദ്ധതി-ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. | 3-3 | |
| 15 | ഇന്ദിരാ ആവാസ് യോജന – അവലോകനം | 3-4 | |
| 16 | പ്രൊക്യൂർമെന്റ് കമ്മിറ്റി രൂപീകരിച്ചില്ല | 3-5 | |
| 17 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 3-6 | |
| 18 | മിനിട്സ് ബുക്കുകൾ സൂക്ഷിക്കുന്നതിൽ വീഴ്ച | 3-7 | |
| | ഭാഗം - 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 19 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 20 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 21 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |

| | | | |
|---|---|---|---|
| 22 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 23 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 24 | ഓഡിറ്റ് റിക്കവറി | 4-6 | |
| 25 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 26 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 27 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| | അനുബന്ധം -1 ഓഡിറ്റ് സർട്ടിഫിക്കറ്റ് | | |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

18.03.2015 തീയ്യതിയിലെ 113/(ബി)/14-15 തീരുമാന പ്രകാരം ബ്ലോക്ക് പഞ്ചായത്ത് അംഗീകരിച്ച ബജറ്റിന്റെ വിവരം താഴെ ചേർക്കുന്നു

| | |
|---|---|
| മുന്നിരിപ്പ് | 20,25,000 |
| വരവ് | 13,65,60,100 |
| ആകെ | 13,85,85,100 |
| ചെലവ് | 13,55,25,100 |
| നീക്കിയിരിപ്പ് | 30,60,000 |

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|---|
| 2015-16 | 31.07.2016 | 30.07.2016 | തിരിച്ചയച്ചിട്ടില്ല. |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|---|
| 2015-16 | 09.03.2017- 10.03.2017 | വിശേഷണങ്ങളോട് കൂടിയത് | |

ന്യൂനതകൾ

1. ട്രഷറി TSB അക്കൌണ്ട്, TSB3909 DP Share, Union Bank of INDIA (IAY) 10979, IAY Administrative 025115,എന്നീ അക്കൌണ്ടുകളിലെ നീക്കിയിരിപ്പ് തുക ഒത്തുനോക്കൽ നടത്തിയിട്ടില്ല.

2. ക്യാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ പ്രതിദിനം സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല

3. B4 ഷെഡ്യൂളിലെ Benificiary Contribution തുക 3,00,401/-രൂപയുടെ വിശദാംശങ്ങളടങ്ങിയ റജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

4. ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

5. ആസ്തി ബാധ്യതാ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

6. മുൻ മാസത്തെ വരവു ചെലവുകൾ തൻമാസം ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് സമർപ്പിക്കുകയും,(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടം 60) അംഗീകരിക്കുകയും ചെയ്യുന്നില്ല.

## 1-4 സാമ്പത്തിക വിശകലനം

| വർഷം | 2015-16 |
|---|---|
| മുന്നിരിപ്പ് | 3,44,30,246 |
| വരവ് * | 3,99,57,741 |
| ആകെ | 7,43,87,987 |
| ചെലവ് * | 5,29,56,664 |
| നീക്കിയിരിപ്പ് | 2,14,31,323 |

*റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം ** | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 40,10,890 | 2,00,67,647 *7,03,642 | 2,47,82,179 | 2,47,82,179 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | 7,03,642 | 7,34,000 | 14,37,642 | 7,34,000 *7,03,642 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 | |
| സംരക്ഷണഗ്രാന്റ് നോൺറോഡ് ** | 40,24,079 | 0 | 40,24,079 | 40,24,079 | 0 | 100 |
| എൻ.ആർ.ഇ.ജി.എസ്. | 0 | 0 | 0 | 0 | 0 | 0 |
| ബി ഫണ്ട് | 0 | 40,000 | 40,000 | 40,000 | 0 | 100 |

* ട്രാൻസഫർ ക്രഡിറ്റ് ചെയ്യുക

**റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2015-16 | 62 | 3,65,17,085 | 42 | 2,88,82,388 | 7 | 20 | 83.33% |

## 1-7 മോണിറ്ററിംഗ്

പദ്ധതി നിർവഹണത്തിലെ അവിഭാജ്യഘടകമാണ് മോണിറ്ററിംഗ്. ഒരു പ്രോജക്ടിന്റെ നിർവ്വഹണത്തിലെ ഓരോ ഘട്ടത്തിലും അതിന്റെ ജയപരാജയങ്ങൾ സൂക്ഷ്മമായി വിലയിരുത്തപ്പെടേണ്ടത് അനിവാര്യമാണ്. ഓഡിറ്റ് കാലയളവിൽ പഞ്ചായത്തിൽ പദ്ധതികളുടെ

മോണിറ്ററിംഗ് കുറ്റമറ്റരീതിയിൽ നടത്തിയിട്ടില്ല.

## 1-8 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | വർഷം 2014-15 | വർഷം 2015-16 | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 0 | 0 | 0 | 0 |
| നികുതിയേതര വരവുകൾ | 2,15,608 | 1,68,288 | 47,320 | 22 |
| മറ്റു വരവുകൾ | 0 | 0 | 0 | 0 |
| ആകെ | 2,15,608 | 1,68,288 | 47,320 | 28.12(-) |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13 .03.2017ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.05.2015 | 2014-15 | 01.08.2015 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08.01.2015 | 2012-13 മുതൽ 2013-14 വരെ | 06.04.2015 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഗുണഭോക്തൃവിഹിതം പിരിച്ചെടുത്തത് ചെലവഴിച്ചില്ല.

2015-16 വർഷത്തെ അക്കൌണ്ട് പ്രകാരം 31.03.2016 തീയ്യതിയിൽ ഗുണഭോക്തൃവിഹിതമായി

പിരിച്ചെടുത്ത 3,00,401/-രൂപ ചെലവഴിക്കാതെ ബാക്കിയായതായി കാണുന്നു. തൻവർഷം ഗുണഭോക്തൃ വിഹിതമായി തുകകളൊന്നും പിരിച്ചെടുത്തിട്ടില്ല. പിരിച്ചെടുത്ത ഗുണഭോക്തൃവിഹിതം ഏത് പ്രൊജക്ടിന് വേണ്ടി എപ്പോൾ പിരിച്ചെടുത്തതാണെന്നും ഏത് നിർവ്വഹണ ഉദ്യോഗസ്ഥൻ പിരിച്ചെടുത്തതാണെന്നും വ്യക്തമാക്കേണ്ടതാണ് എന്ന് കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ (5) ന് നൽകിയ മറുപടിയിൽ മേൽ തുകയിൽ 75,401/- രൂപ മുൻ വർഷത്തെ ബാലൻസ് തുകയാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഗുണഭോക്തൃവിഹിതം പിരിച്ചെടുത്ത ശേഷം ആയത് വിനിയോഗിക്കാതെ ബ്ലോക്ക് പഞ്ചായത്ത് അക്കൌണ്ടിൽ സൂക്ഷിച്ചിരിക്കുന്നു എന്നാണ് വ്യക്തമാക്കുന്നത്. ഉപയോഗിക്കാതെ ബാക്കി നിൽക്കുന്ന ഗുണഭോക്തൃവിഹിതം തിരിച്ചു നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2014-15 വർഷത്തിൽ സെക്രട്ടറി നടപ്പിലാക്കിയ മത്സ്യത്തൊഴിലാളികൾക്ക് വള്ളവും വലയും എന്ന പ്രോജക്ടിനു വേണ്ടി സമാഹരിച്ച ഗുണഭോക്തൃവിഹിതമായ 22,500/- രൂപ പദ്ധതിക്കായി ചെലവാക്കിയെങ്കിലും, ഗുണഭോക്തൃവിഹിതം എന്ന ശീർഷകത്തിനു പകരം ഫിഷറീസ് ഹെഡിലാണ് അക്കൌണ്ട് ചെയ്തത്.

അക്കൌണ്ടിങ്ങിലെ പിഴവു മൂലം വാർഷിക കണക്കുകളിൽ സംഭവിച്ച തെറ്റ് തിരുത്തേണ്ടതാണ്.തുക ഇതുവരെയായി ചെലവഴിക്കാത്തതിന്റെ കാരണം എന്താണെന്നും അറിയിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലകളിൽ ഉൾപ്പെടാത്ത ഇനത്തിലെ ചെലവ് -10,000/- രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട്- 77/16 (പുലരിപക്ഷി പാടുമ്പോൾ - ഗ്രാമവികസന പദ്ധതികൾ ഡോക്യുമെന്ററി നിർമാണം)

മേഖല- കമ്പ്യൂട്ടർ വൽകരണവും സേവനം മെച്ചപ്പെടുത്തലും

അടങ്കൽ -1,00,000 രൂപ (തനത് ഫണ്ട്)

ചെക്ക് നമ്പർ -8054205/24-7-15, 10,000/- രൂപ

തലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ ചരിത്രപശ്ചാത്തലങ്ങൾ, ജനകീയാസൂത്രണ-കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ എന്നിവയെ കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനുവേണ്ടി ഡോക്യുമെന്ററി നിർമ്മിക്കുന്നതിനാണ് മേൽ പ്രോജക്ട് വിഭാവനം ചെയ്തിരിക്കുന്നത്. ഇതിനുവേണ്ടി ടെണ്ടർ ക്ഷണിച്ചതിൽ നിന്നും തിരഞ്ഞെടുത്ത സജിത്ത് വി ടി, വിടിഎസ് ഫിലിം മേക്കേഴ്സ്, പൊന്ന്യം വെസ്റ്റ് എന്ന സ്ഥാപനത്തിന്,10,000/- രൂപ അഡ്വാൻസ് അനുവദിച്ചിട്ടുണ്ട്.

ഈ പ്രോജക്ടിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1) ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലകളിൽ ഉൾപ്പെടാത്തതും,പദ്ധതി ആസൂത്രണ മാർഗരേഖയിൽ പരാമർശിക്കാത്തതും പ്രത്യേകിച്ച് സർക്കാർ ഉത്തരവുകളൊന്നും ഇല്ലാതെയുമാണ് ഡോക്യുമെന്ററി നിർമാണത്തിന് തുക ചെലവഴിച്ചത്.

2)മാർഗരേഖയിൽ പരാമർശിക്കാത്ത മേൽ പ്രൊജക്ടിന് സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങിച്ചിട്ടില്ല.

3) 2015-16 വർഷം ഭാഗികമായി തുക ചെലവഴിച്ച പ്രൊജക്ടിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കേണ്ടതാണ് എന്ന് കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ്എൻക്വയറിനമ്പർ- 6 ന് നല്കിയ മറുപടിയിൽ 40,000/- രൂപ ചെലവഴിച്ച് ഡോക്യുമെന്ററി പൂർത്തിയാക്കിയിട്ടുണ്ടെങ്കിലും, ഭരണസമിതിയുടെ 29-6-16 ലെ 176(A)/2016-17 നമ്പർ തീരുമാനപ്രകാരം കോ- ഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതിക്ക് ശേഷമേ, ഫൈനൽ പേയ്മെന്റ് നൽകാവൂ എന്ന് തീരുമാനിച്ചതായി അറിയിച്ചിട്ടുണ്ട്.

കോ-ഓർഡിനേഷനിൽ കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായി സർക്കാരിൽ മാത്രമേ പേയ്മെന്റ് നല്കാവു എന്ന് ഓഡിറ്റ് നിർദ്ദേശിക്കുന്നു. 10,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## **3-2** ഓഫീസ് വാഹനത്തിന്റെ ഇന്ധനച്ചെലവ് സംരക്ഷണഗ്രാന്റിൽ നിന്നും ചെലവഴിക്കുന്നത് ഒഴിവാക്കേണ്ടതാണ്

പ്രോജക്ട്- 60/16(ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് വാഹനത്തിന്റെ ഇന്ധനച്ചെലവ്)

അടങ്കൽ - 1,50,000 രൂപ (മെയിന്റനൻസ് ഫണ്ട്)

ബിൽ നമ്പർ 83/15-16 dt 03-09-16 , 40,851/-(ഡിഡിനമ്പർ-383390/16-09-15)

ബിൽനമ്പർ 83(229)/15-16 dt 09-03-16 , 59927/-(ഡിഡിനമ്പർ-176569/16-03-16)

ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലെ ഔദ്യോഗിക വാഹനത്തിന്റെയും ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ വാഹനത്തിന്റെയും ഇന്ധനച്ചെലവ് നല്കുന്നതിനായി മെയിന്റനൻസ് ഫണ്ട് നോൺ റോഡിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ട്.

2015-16 വർഷത്തേക്കുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖ ജിഒ(എംഎസ്) 362/13 തസ്വഭവ തീ. 16-11-13 ഖണ്ഡിക 11-13(x) ൽ റോഡിതര മെയിന്റനൻസ് ഫണ്ട് ചെലവഴിക്കാവുന്ന ഇനങ്ങളെ കുറിച്ച് പരാമർശിച്ചിട്ടുണ്ട്. ആയതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാഹനത്തിന്റെ ഇന്ധനച്ചെലവ് ഉൾപ്പെടുന്നില്ല.

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 09.12.2004 – ലെ ജി.ഒ.(എം.എസ്.) 330/2004 നമ്പർ ഉത്തരവ് പ്രകാരമുള്ള, പൊതു ആവശ്യ ഗ്രാന്റ്, സംരക്ഷണഗ്രാന്റ് എന്നിവയുടെ വിനിയോഗം സംബന്ധിച്ച മാർഗ്ഗരേഖ പ്രകാരം വാഹനങ്ങളുടെ ഇന്ധനച്ചെലവ്, അറ്റകുറ്റപ്പണി, കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ വൈദ്യുതി ചാർജ്ജ്, ടെലഫോൺ ചാർജ്ജ് തുടങ്ങിയവയുടെ ചെലവുകൾ പൊതു ആവശ്യ ഗ്രാന്റിൽ നിന്നാണ് വഹിക്കേണ്ടത്. ആവശ്യമെങ്കിൽ മാത്രമാണ് സംരക്ഷണഗ്രാന്റ് ഇത്തരം ആവശ്യങ്ങൾക്ക് വിനിയോഗിക്കേണ്ടത്.(ബ്ലോക്ക് പഞ്ചായത്തിന് 31.03.2016 ൽ തനത് ഫണ്ട് നീക്കിയിരിപ്പ് ഏകദേശം 76 ലക്ഷം രൂപയാണ്)

മേൽ ഉത്തരവിന്റെ ഖണ്ഡിക 4-3 ൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യ/ പൊതുച്ചുമതലകൾ നിറവേറ്റുന്നതിനു വേണ്ടിവരുന്ന ആവർത്തന സ്വഭാവമുള്ള ചെലവുകൾ

പദ്ധതിയുടെ ഭാഗമാക്കേണ്ടതില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇന്ധനച്ചെലവ് ബ്ലോക്ക് പഞ്ചായത്തിന്റെ ആവർത്തന സ്വഭാവമുള്ള ചെലവ് ആയതിനാൽ ഇത് മെയിന്റനൻസ് ഫണ്ടിൽ നിന്നും ചെലവഴിക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.

## 3-3 ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

പ്രോജക്ട്- 67/16 (തലശ്ശേരി ഗവൺമെന്റ് ഹോസ്പിറ്റൽ- അമ്മയും കുഞ്ഞും പദ്ധതി -ബ്ലോക്ക് വിഹിതം കൈമാറുന്നത്)

അടങ്കൽ - 4,24,000/- രൂപ (വികസന ഫണ്ട്)

- 5,76,000/- രൂപ (തനത് ഫണ്ട്)

ബിൽ നമ്പർ 103/15-16 dt 13-10-15 , 4,24,000/-(ഡിഡിനമ്പർ-384154/15-10-15)

ചെക്ക് നമ്പർ- 8054217/28-9-15, 5,76,000/-

കണ്ണൂർ ജില്ലയിലെ തലശ്ശേരി ജനറൽ ആശുപത്രിയുടെ ഭാഗമായി തലശ്ശേരി ടൌണിൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി ആരംഭിക്കുന്നതിനായി അഞ്ച് ഏക്കർ സ്ഥലം വാങ്ങുന്നതിന് പാർലമെന്റ് അംഗം ചെയർമാനും, എം എൽ എ കൺവീനറും ആയി ഒരു ജനകീയകമ്മിറ്റി രൂപീകരിച്ചതിന്റെ അടിസ്ഥാനത്തിൽ സ്ഥലം വിലകൊടുത്ത് വാങ്ങുന്നതിനായി തലശ്ശേരി താലൂക്കിലെ ബ്ലോക്ക്പഞ്ചായത്തുകൾക്ക് സംഭാവന നല്കുന്നതിന് സഉ(സാധാ) നമ്പർ 939/15 തസ്വഭവ തീയ്യതി. 26-3-15 സർക്കാർ അനുമതി നൽകിയതു പ്രകാരം പത്ത് ലക്ഷം രൂപ സംഭാവനയായി നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കമ്മിറ്റിക്ക് പത്ത് ലക്ഷം രൂപയുടെ ധനസഹായം 6-11-15 ൽ (രശീത് നമ്പർ-33) കൈമാറിയിട്ടുണ്ട്. ഈ ഉത്തരവിൽ സംഭാവന നൽകുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മേൽ ജനകീയകമ്മിറ്റി കൺവീനർ ആഡിറ്റ് ചെയ്ത വരവു ചെലവു കണക്കുകളുടെ ധനവിനിയോഗ, സാക്ഷ്യപത്രം നൽകേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായി ആയത് ലഭിച്ചിട്ടില്ല എന്നത് ഭരണസമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നമ്പർ 2/8-3-17 ന് നൽകിയ മറുപടിയിൽ, തലശ്ശേരി ജനറൽ ആശുപത്രി മെഡിക്കൽ ഓഫീസറിൽ നിന്നും ധനവിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്ന മുറക്ക് ഹാജരാക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

## 3-4 ഇന്ദിരാ ആവാസ് യോജന – അവലോകനംഇന്ദിരാ ആവാസ് യോജന – അവലോകനം

ദാരിദ്ര്യ രേഖക്ക് താഴെയുള്ള പട്ടികജാതി/പട്ടികവർഗക്കാർക്കും, ഇതരസമുദായങ്ങളിൽപ്പെട്ടവർക്കും സൌജന്യമായി വീടുകൾ നിർമിച്ചുനൽകികൊണ്ട് ഇവരുടെ പാർപ്പിട പ്രശ്നത്തിന് സ്ഥിരമായ ഒരു പരിഹാരം കാണുക എന്നതാണ് ഇന്ദിര ആവാസ് യോജനയുടെ ലക്ഷ്യം.

തലശ്ശേരി ബ്ലോക്ക് പഞ്ചായത്തിൽ 2015-16 ൽ നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

1)ആകെ ഗുണഭോക്താക്കളുടെ എണ്ണം- 215

2) പട്ടികജാതി വിഭാഗം -19(8.83%)

3) പട്ടിക വർഗവിഭാഗം- ഇല്ല

4) ന്യൂനപക്ഷവിഭാഗം - 109(5.69%)

5) ജനറൽ വിഭാഗം - 87(40.46%)

2015-16 ൽ വിവിധ സ്രോതസ്സിൽ നിന്നും ലഭിച്ച ഫണ്ടുകളുടെ വിശദാംശങ്ങൾ

| ഫണ്ട് | മുന്നിരിപ്പ് | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കേന്ദ്രവിഹിതം | 47,13,245 | 30,25,473 | 77,38,718 | 51,12,384 | 26,26,334 |
| സംസ്ഥാന അധിക വിഹിതം | 0 | 8,00,000 | 8,00,000 | 7,00,000 | 1,00,000 |
| ജില്ലാപഞ്ചായത്ത് വിഹിതം | 63,85,500 | 58,24,027 | 1,22,09,527 | 94,16,066 | 27,93,461 |
| ഗ്രാമപഞ്ചായത്ത് വിഹിതം | 11,00,000 | 42,32,500 | 53,32,500 | 30,32,500 | 23,00,000 |
| ആകെ | 1,21,98,745 | 1,38,82,000 | 2,60,80,745 | 1,82,60,950 | 78,19,975 |

നിർമാണം പൂർതിയാക്കാൻ ബാക്കിയുള്ള വീടുകളുടെ വിശദാംശങ്ങൾ

| ക്ര. ന | പേര് | പഞ്ചായത്ത് | വർഷം | വിഭാഗം | നൽകിയ തുക | ബാക്കി തുക | നിർമാണ പുരോഗതി |
|---|---|---|---|---|---|---|---|
| 1 | മഞ്ജുള ടി കെ | എരഞ്ഞോളി | 2009-10 | SC | 84,625 | 15,375 | Lintel |
| 2 | പ്രിയ കെ വി | അഞ്ചരക്കണ്ടി | 2012-13 | SC | 1,56,625 | 43,375 | Lintel |
| 3 | ജമുന വികെ | മുഴപ്പിലങ്ങാട് | 2012-13 | SC | 1,76,025 | 23,975 | Wall plate |
| 4 | സുവർണ കെ | ധർമ്മടം | 2013-14 | SC | 1,07,500 | 92,500 | Foundation |

| | | | | | | | |
|---|---|---|---|---|---|---|---|
| 5 | ജയരാജൻ | ധർമ്മടം | 2013-14 | SC | 1,89,500 | 10,500 | Roof |
| 6 | പുഷ്പ എം | പിണറായി | 2013-14 | GL | 1,47,500 | 52,500 | Roof |
| 7 | സുജി കെ | മുഴപ്പിലങ്ങാട് | 2014-15 | GL | 49,500 | 1,50,500 | Basement |
| 8 | ജനിത എൻ കെ | എരഞ്ഞോളി | 2014-15 | GL | 1,61,500 | 38,500 | Roof |
| 9 | രുക്സാന കെ | ധർമ്മടം | 2014-15 | MIN | 1,19,500 | 58,500 | Lintel |
| 10 | ഉഷ ഇ | വേങ്ങാട് | 2014-15 | SC | 1,41,500 | 58,500 | Lintel |
| 11 | എം കെ രാജേന്ദ്രൻ | മുഴപ്പിലങ്ങാട് | 2014-15 | SC | 1,11,500 | 88,500 | Lintel |

പൂർത്തിയാക്കാൻ ബാക്കിയുള്ള ഭവനങ്ങൾ എത്രയും പെട്ടെന്ന് പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 പ്രൊക്യൂർമെന്റ് കമ്മിറ്റി രൂപീകരിച്ചില്ല

തദ്ദേശഭരണ വകുപ്പിന്റെ 8.11.2010 ലെ ജി ഒ (പി)259/10 നം ഉത്തരവ് പ്രകാരം തദ്ദേശ ഭരണ വകുപ്പിന്റെയും കൈമാറിക്കിട്ടിയ സ്ഥപനങ്ങളുടെയും ഉപയോഗത്തിനു വേണ്ടി സാധനങ്ങളും സേവനങ്ങളും സമാഹരിക്കുമ്പോൾ പാലിക്കേണ്ട നിർദ്ദേശങ്ങൾ സംബന്ധിച്ച് വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. സെക്രട്ടറി അഥവാ നിർവ്വഹണ ഉദ്യോഗസ്ഥൻ നേതൃത്വം നൽകുന്ന ഒരു വാങ്ങൽ ടീം ഓരോ തദ്ദേശഭരണസ്ഥാപനത്തിലും രൂപീകരിക്കേണ്ടതായുണ്ട്.തദ്ദേശഭരണസ്ഥാപനത്തിലെ വാങ്ങൽ കമ്മിറ്റിയുടെ മേൽ നോട്ടത്തിലും മാർഗ്ഗനിർദ്ദേശത്തിലുമാണ് വാങ്ങൽ ടീം പ്രവർത്തിക്കേണ്ടത്.ഇതിന്റെ ഭാഗമായി ഒരു സോഷ്യൽ ഓഡിറ്റ് കമ്മിറ്റിയും രൂപീകരിക്കണം.എന്നാൽ ഈഒരു സംവിധാനം ബ്ലോക്ക് പഞ്ചായത്തിൽ ഏർപ്പെടുത്തിയിട്ടില്ല.അതുകൊണ്ട്തന്നെ നിർവ്വഹണ ഉദ്യോഗസ്ഥർ പ്രൊജക്ട് നിർവ്വഹണത്തിന്റെ ഭാഗമായി നടത്തിയിട്ടുള്ള വാങ്ങലുകളിൽ ഗുണനിലവാരപരിശോധന ഉണ്ടായിട്ടില്ല.ജനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും പ്രദാനം ചെയ്യുന്നതിന് വേണ്ടി പൊതുവിഭവങ്ങൾ വിനിയോഗിക്കുന്നതിൽ വർദ്ധിച്ച കാര്യക്ഷമതയും ഗുണഫലവും ഉറപ്പാക്കുന്നതിനും സുതാര്യത ഉറപ്പ് വരുത്തുന്നതിനും വേണ്ടി നടപ്പിലാക്കാൻ ഉദ്ദേശിച്ച ഈസംവിധാനം നടപ്പിലാക്കുന്നതിന് അടിയന്തിര നടപടികൾ എത്രയും വേഗം സ്വീകരിക്കേണ്ടതാണ്.

## 3-6 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

2015-16 വർഷത്തിൽ വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതം നൽകിയതിന്റെ

വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിശദവിവരം ചുവടെ,

| പ്രോജക്ട് നം&പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | ബിൽ നം & തീയ്യതി | തുക ₹ | തുക കൈപ്പറ്റിയ സ്ഥാപനം(രസീതി നം. & തീയ്യതി) |
|---|---|---|---|---|
| S0054<br>പെയിൻ & പാലിയേറ്റീവ് ക്ലിനിക്കുകൾക്ക് പൂരക ധനസഹായം | മെഡിക്കൽ ഓഫീസർ<br>സി.എച്ച്.സി | ബിൽ നം.8 തീയ്യതി 12-02-2016 | 1,00,000 | പിണറായിഗ്രാമ പഞ്ചായത്ത് (നം. 11503400006 തീയ്യതി 26-03-2016 |
| | | ബിൽ നം.8 തീയ്യതി 12-02-2016 | 1,00,000 | വേങ്ങാട് ഗ്രാമ പഞ്ചായത്ത് (നം. 11504400014 തീയ്യതി 28-03-2016 |
| | | ബിൽ നം.8 തീയ്യതി 12-02-2016 | 1,00,000 | മുഴപ്പിലങ്ങാട് ഗ്രാമ പഞ്ചായത്ത് (നം. 11503500027 തീയ്യതി 26-03-2016 |
| | | ബിൽ നം.8 തീയ്യതി 12-02-2016 | 1,00,000 | അഞ്ചരക്കണ്ടിഗ്രാമ പഞ്ചായത്ത് (ഡി.ഡിനം. 175461തീയ്യതി 26-03-2016 |
| | | ബിൽ നം.8 തീയ്യതി 12-02-2016 | 1,00,000 | ന്യൂമാഹി ഗ്രാമ പഞ്ചായത്ത് (നം. 11502400005 തീയ്യതി 23-03-2016 |

| | | | |
|---|---|---|---|
| | ബിൽ നം.8 തീയ്യതി 12-02-2016 | 1,00,000 | എരഞ്ഞോളി ഗ്രാമ പഞ്ചായത്ത് (നം. 175462 തീയ്യതി 12-02-2016 |
| ആകെ – 6,00,000/- | | | |

അതത് ഗ്രാമ പഞ്ചായത്തുകളിൽ നിന്നും വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 3-7 മിനിട്സ് ബുക്കുകൾ സൂക്ഷിക്കുന്നതിൽ വീഴ്ച

പഞ്ചായത്തിലെ ഏറ്റവും സുപ്രധാന രേഖയാണ് മിനിട്സ് ബുക്ക്. എല്ലാ യോഗ നടപടികളുടെയും തീരുമാനങ്ങളുടെയും വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന മിനിട്സ് ബുക്ക് എഴുതി സൂക്ഷിക്കുന്നതിൽ വേണ്ടത്ര ഉത്തരവാദിത്വം ഉത്തരവാദപ്പെട്ടവർ കാണിച്ചിട്ടില്ല.ഇതിലെ ഏതാനും പോരായ്മകൾ ഉദാഹരണസഹിതം താഴെ കാണിക്കുന്നു.

പഞ്ചായത്ത് 2015-16 വർഷം ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ, നവംബർ മാസങ്ങളിലെ വരവ് ചെലവ് കണക്കുകൾ അംഗീകരിച്ച വിവരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല. അതുപോലെ യോഗ തീരുമാനങ്ങൾ ഒന്നും എഴുതാതെ വെറും പേരും ഒപ്പും മാത്രം രേഖപ്പെടുത്തിയതായി കാണുന്നു. 16.12.2015 തീയ്യതിയിലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോഗ മിനിട്സ് ഇതിനുദാഹരണമാണ്. തീരുമാനങ്ങൾ ഒന്നും എഴുതാതെ പേജുകൾ ഒഴിച്ച് വിട്ടിരിക്കുന്നതായും കാണുന്നു. അതുപോലെ വികസനസ്റ്റാന്റിംഗ് കമ്മിറ്റി 12.05.2015, 21.07.2015, 28.03.2015 തീയ്യതിയിൽ ചേർന്ന യോഗത്തിലെ ഒരു തീരുമാനവും രേഖപ്പെടുത്തിയിട്ടില്ല. പേരും ഒപ്പും മാത്രം രേഖപ്പെടുത്തി അവസാനിപ്പിച്ചിരിക്കുന്നു. കൂടാതെ 2000ലെ കേരള പഞ്ചായത്ത് രാജ് (സ്റ്റാന്റിംഗ് കമ്മിറ്റി ചട്ടങ്ങളിലെ) ചട്ടം11ൽ നിഷ്കർഷിച്ച പ്രകാരം യോഗങ്ങളിലെ തീരുമാനങ്ങൾ മിനിട്സിൽ രേഖപ്പെടുത്തിയശേഷം അധ്യക്ഷൻ ഒപ്പ് വെക്കുന്നില്ല. പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയോഗങ്ങളുടെ മിനിട്സ് ഈവിധമാണ് സൂക്ഷിച്ചിട്ടുള്ളത്. മിനിട്സ് ബുക്കിന്റെ സൂക്ഷിപ്പിൽ വന്ന പോരായ്മകളും വീഴ്ചകളും ഗൗരവപൂർവ്വം പഞ്ചായത്ത് ഭരണസമിതി പരിശോധനക്ക് വിധേയമാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | * 43,90,000 51,52,027 | ഐ.എ. വൈ ഭവന നിർമ്മാണം (ജനറൽ) | 87,26,000 | 8,16,027 |

| | | | | |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | * 19,50,000 6,72,000 | ഐ.എ. വൈ ഭവന നിർമ്മാണം (എസ്.സി.പി) | 6,44,566 | 19,77,434 |
| ജില്ലാ പഞ്ചായത്ത് | * 45,500 0 | ഐ.എ. വൈ ഭവന നിർമ്മാണം (ടി.എസ്.പി) | 45,500 | 0 |
| ഗ്രാമപഞ്ചായത്ത് | * 10,00,000 38,40,000 | ഐ.എ. വൈ ഭവന നിർമ്മാണം (ജനറൽ) | 27,80,000 | 20,60,000 |
| ഗ്രാമപഞ്ചായത്ത് | * 1,00,000 3,60,000 | ഐ.എ. വൈ ഭവന നിർമ്മാണം (എസ്.സി.പി) | 2,20,000 | 2,40,000 |
| ഗ്രാമപഞ്ചായത്ത് | * 0 32,500 | ഐ.എ. വൈ ഭവന നിർമ്മാണം (ടി.എസ്.പി) | 32,500 | 0 |

*മുൻബാക്കി

സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് മേൽ വിവരം ചേർത്തിട്ടുള്ളത്. മേൽ കാണിച്ച തുകകൾ അക്കൌണ്ടിലെ നീക്കിയിരിപ്പുതുകയുമായി (ബി.4ഷെഡ്യൂൾ) പൊരുത്തപ്പെടുന്നില്ല. ആയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## **4-7** സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 1998-1999 | 33 | 1999-2000 | IV-72 (ബി) | നിലവിലെ സ്ഥിതിയിൽ തുടരുന്നു |
| | 40 | | IV-72 (എ) | നിലവിലെ സ്ഥിതിയിൽ തുടരുന്നു |

## **4-8** ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| വർഷം | 2015-16 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് * | 3,99,57,741 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് * | 5,29,56,664 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 10,000 |

*റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 10,000 | ശ്രീ.പി.പി.പ്രകാശൻ, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1998-1999 | എൽ.എഫ്.സി 8/147/2000 തീയതി 25-07-2000 | 2 | 33,40 നിയമസഭാ സമിതി പരിഗണനയിൽ |
| 2005-06 | എൽ.എഫ്/ഡി4/1417/09തീയതി 08-04-2010 | 2 | 3-3, 3-4 |

| | | | |
|---|---|---|---|
| 2007-08 | എൽ.എഫ്/സി 4/374/11 തീയതി 20-10-2011 | 4 | 2-3,3-3,3-4,3-6 |
| 2008-09 | എൽ.എഫ്./സി4/375/11 തീയ്യതി 20-10-2011 | 4 | 2-2, 3-1,3-5,3-6 |
| 2009-10<br>2010-11 | എൽ.എഫ്.കെ.എൻ.ആർ./ഡി1 /576/2013 തീയ്യതി 06-09-2013 | 12 | 2-1,2-2,3-1, 3-2, 3-3 മുതൽ 3-10 വരെ |
| 2011-12<br>2012-13 | കെ. എസ്.എ/കെ.എൻ.ആർ /ഡി1/2227/15<br>തീയതി 26-03-2015 | 5 | ഇല്ല |
| 2013-14,<br>2014-15 | എൽ.എഫ്.കെ.എൻ.ആർ./ഡി1 /300/2016<br>തീയതി 30-04-2016 | 6 | 3-1,3-4,<br>3-6,3-9,3-10,<br>3-12 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാഓഡിറ്റ് കാര്യാലയം,കണ്ണൂർ.

**അനുബന്ധം-1**

# ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം. കെ.എസ്.എ.കെ.എൻ.ആർ.സി7-386/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ
ഫോൺ. 04972-707698

ഇ.മെയിൽ:lfaddistofficeknr@gmail.com

തീയ്യതി: 22.03.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് ,1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് ,ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കണ്ണൂർ ജില്ലയിലെ തലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ് മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

No. KSA/KNR/ C7-386/2017

Kerala State Audit Department

Phone.04972-707698

E-Mail.lfaddistofficeknr@gmail.com

Date.22.03.2017

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Thalassery Block Panchayat in Kannur District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion,the Financial Statements of Thalassery Block panchayat for the year 2015-16 except the observations in my audit report properly presents the picture of income and expenditure.

Senior Deputy Director